LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പുവഴി വിവാഹ ധനസഹായമായി 30,000 രൂപ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു:

ക്രമ നമ്പർ	വർഷം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	2011-12	5,39,000	4,30,000
2	2012-13	5,39,000	5,10,000
3	2013-14	5,85,000	5,55,000
4	2014-15	6,43,000	6,20,000
5	2015-16	6,76,000	ചെലവഴിച്ചിട്ടില്ല

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്ത്രീ-സമത്വ ശാക്തീകരണനയം

261 (3468) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ-സമത്വ ശാക്തീകരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നയം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സമൂഹത്തിൽ ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പാക്കുന്നതിനും അവ ശാശ്വതവൽക്കരിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖയാണ് സ്ത്രീ-സമത്വ ശാക്തീകരണനയം. വനിതകളുടെ ശാക്തീകരണം ഉറപ്പാക്കുന്നതോടൊപ്പം സമൂഹത്തിൽ പുരുഷന്മാരുടെ ഉന്നമനവും പ്രസ്തുത നയം വിഭാവന ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത നയം നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിൽ ഒരു ജെന്റർ സെൽ രൂപീകരിച്ചിട്ടുണ്ട്. പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ്, ബഡ്ജറ്റ് ആന്റ് ആഡിറ്റ് എന്നിവയെക്കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങളടങ്ങിയ ജെന്റർ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയം നടപ്പാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുകൂട്ടുകയും 2016-17 കാലയളവിൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ആക്ഷൻപ്ലാൻ തയ്യാറാക്കുന്നതിനുള്ള ടെയിനിംഗ് ജെന്റർ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'തുല്യനീതി നല്ല നാട്' എന്ന സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

വയോജന സംരക്ഷണം

262 (3469) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച്എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി Department of Community Medicine-നുവേണ്ടി ഒരു Qualitative Study (2012-13)-യും Centre for Development Studies ഒരു Quantitative Study-യും നടത്തിയിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിൻകീഴിൽ ഗവൺമെന്റിന്റെ 12 വൃദ്ധസദനങ്ങളും 4 വികലാംഗ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ താമസിക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ അവിടെ വന്ന് താമസിച്ചാൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യസുരക്ഷാ മിഷൻ എന്നിവ വഴി വയോമിത്രം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര

LIBRARY ARCHIVES Kerala Legislative Assembly